# ‘ചാവൊലി’
# —അതിജീവനത്തിന്റെ വേരുകൾ

ആമുഖം

നോവലിന്റെ ഭാഷ പൊതുവേ സാമാന്യവ്യവഹാരത്തോട് അടുത്തു നില്ക്കുന്ന ഗദ്യഭാഷയാണ്. അതുകൊണ്ടുതന്നെ ഇതരസാഹിത്യരൂപങ്ങളെ അപേക്ഷിച്ച് നോവൽ കൂടുതൽ ജനകീയമാകുന്നു. എന്നാൽ ഈ സാമാന്യത്തിനു മുൻപും പിൻപും മറ്റുചില വിഭാഗങ്ങളുമുണ്ട് എന്ന വസ്തുത പലപ്പോഴും വിസ്മരിക്കപ്പെടാറുണ്ട്. സമൂഹത്തിലെ പ്രബലവിഭാഗത്തിന്റെ ഭാഷയെയാണ് സാമാന്യവ്യവഹാരഭാഷ എന്ന പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത്. മലയാള സാഹിത്യത്തിൽ ഈ സാമാന്യത്തിനു മുമ്പും പിമ്പുമുള്ളവരുടെ ഭാഷയെയും കൈകാര്യം ചെയ്തിട്ടുണ്ട്. പല കാലങ്ങളായി, പല തലങ്ങളായി മുഖ്യധാരയ്ക്കു പരിചിതമല്ലാത്ത ജീവിതങ്ങളെ അവരുടെ ഭാഷയിലൂടെ ആവിഷ്കരിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. തകഴിയും ബഷീറും സാറാജോസഫുമെല്ലാം ഈ ധാരയിലെ മുഖ്യപ്രയോക്താക്കളാണ്.

ഭാഷ പ്രധാനമായും രണ്ട് തരത്തിൽ നോവലെഴുത്തിലേക്ക് കടന്നുവരാം. സംഭാഷണ സന്ദർഭങ്ങളിൽ കഥാപാത്രാനുസൃതമായ ഭാഷയുടെ ഉപയോഗവും പ്രസ്തുത ഭാഷയിൽതന്നെയുള്ള ആഖ്യാന നിർവ്വഹണവും. നാളിതുവരെയുള്ള നോവൽ ചരിത്രത്തിൽ മിക്കവാറും കഥാവസ്തുവിൽ നിന്നും ഭിന്നമായി ആഖ്യാതാവിന്റെ ഭാഷ വേറിട്ടു കാണാം. ജീവിതത്തിന്റെ നേർപകർപ്പുകളാണെന്ന് അവകാശമുന്നയിക്കുന്ന

റിയലിസ്റ്റിക് നോവലുകളിൽ പോലും യഥാതഥമായ ജീവിതചിത്രീകരണം നടത്തുന്നത് ഒരു പ്രത്യേക വീക്ഷണത്തിലൂടെ മാത്രമാണ്. അവയിലെല്ലാം തന്നെ ജീവിതത്തിൽ നിന്ന് പുറത്തു നിൽക്കുന്ന ഒരാഖ്യാതാവുണ്ട്. പക്ഷേ, ആഖ്യാതാവും ആഖ്യാനവും വേറിട്ടുനില്ക്കുന്നില്ല എന്നതാണ് ചാവൊലിയുടെ കഥാകഥനരീതിയെ വ്യത്യസ്തമാക്കുന്നത്. മാനകഭാഷയുടെ വിനിമയ സൗകര്യവും സ്വീകാര്യതയും സ്വീകരിക്കാതെ, അതിനെ ചെറുത്തു നില്ക്കുന്ന തന്നാട്ടു തൻജാതിമൊഴിയിൽ ഉത്തമന്റെ 'ചാവൊലി' മുഴങ്ങുന്നത് ആഖ്യാനത്തിന്റെയും ആഖ്യതാവിന്റെയും ഈ പരസ്പര സംയോഗം മൂലമാണ്.

ചാവൊലി—ദളിതന്റെ പ്രതിനിധാനമോ?

കലയും ജീവിതവും തമ്മിലുള്ള പരസ്പരാപേക്ഷികത്വം പ്രതിനിധാനം എന്ന പരികല്പനയിൽ അന്തർഭവിക്കുന്നുണ്ട്. സാഹിത്യം ജീവിതത്തിന്റെ പ്രതിനിധാനമാണ് എന്നു പറയുമ്പോൾ അതൊരു യാഥാർത്ഥ്യമാണെങ്കിൽ കൂടിയും അപൂർണ്ണവുമാണ്. കാരണംജീവിതം പലപ്പോഴും പ്രതിനിധാനങ്ങൾക്കപ്പുറത്തേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കും. പ്രതിനിധാനങ്ങൾ യാഥാർത്ഥ്യത്തെ പൂർണ്ണമായും ഉൾക്കൊള്ളാൻ പര്യാപ്തമല്ല എന്നിരിക്കേ, ഉത്തമന്റെ 'ചാവൊലി' ദളിത് ജീവിതത്തിന്റെ പ്രതിനിധാനമാണെന്ന അവകാശവാദം നോവലിന്റെ യാഥാർത്ഥ്യത്തെ ചുരുക്കുന്നു. പി.കെ. രാജശേഖരന്റെ വാക്കുകൾ നോക്കുക—"ദളിതന്റെ ഇടത്തെക്കുറിച്ച് അനുഭവത്തിന്റെ പദകോശം കൊണ്ടു നിർമ്മിച്ച ഈ നോവൽ ദളിതത്വത്തെയും ദളിത് സാഹിത്യത്തെയും കുറിച്ച് ഇന്ന് മലയാളത്തിൽ രൂപപ്പെട്ടിട്ടുള്ള പ്രബലവാദങ്ങളുടെ വഴിയിലല്ല സഞ്ചരിക്കുന്നത്. മറ്റൊരു മൂശയിൽ നിർമ്മിച്ചതല്ലാത്ത സ്വന്തം മൂശയിൽ സ്വന്തം ചൂളയിൽ വേവിച്ചെടുത്ത ഈ അനുഭവപാത്രം മലയാളത്തിലെ യഥാർത്ഥ ദളിത് സാഹിത്യത്തിന്റെ സ്വഭാവം രേഖപ്പെടുത്തുന്നു. ദളിത് നോവൽ എന്ന സാഹിത്യസൗജന്യം 'ചാവൊലി'യ്ക്ക് ആവശ്യമില്ല. ദളിതത്വം എന്ന അവസ്ഥയെ ശാശ്വതീകരിച്ചു നിർത്താൻ ശ്രമിക്കുന്ന പ്രത്യയശാസ്ത്രമായ ദളിതവാദത്തിന്റെ വ്രണിതമനസ്ഥിതിയില്ലാത്ത ഉത്തമൻ 'ചാവൊലി'യിൽ എഴുതുന്ന ദളിതത്വം ഒരു വംശത്തിന്റേതു മാത്രമായിരുന്നില്ല. കേരളത്തിൽ മറ്റേതെങ്കിലും അളവിൽ അദളിതരിലെ നൂറു കണക്കിനു ദരിദ്രർ പങ്കുവെച്ചിട്ടുള്ള ഭ്രഷ്ടിന്റെ പീഡയാണത്. സ്ഥലമോ സമ്പത്തോ ഒക്കെയായിരുന്നു അതിന്റെ നിയാമകങ്ങൾ.

അധികാരം എപ്പോഴും സ്ഥല (Space)വുമായി ബന്ധപ്പെട്ടു കിടക്കുന്നു. സമൂഹത്തിൽ നമുക്കൊരു സ്ഥാനമുണ്ട് എന്നതിനർത്ഥം സാമൂഹികമായ അംഗീകാരവും അധികാരവുമുണ്ടെന്നാണല്ലോ. അതുകൊണ്ടാണ് വെർജീനിയ വൂൾഫിനെപ്പോലുള്ളവർ 'സ്വന്തമായ മുറി' എന്ന ആശയവുമായി രംഗത്തു വന്നത്. ഇതുപോലെ സ്വന്തമായൊരിടത്തിനു വേണ്ടി അതുവഴിയുള്ള സാമൂഹിക പരിഗണനയ്ക്കു വേണ്ടി മുഴങ്ങുന്ന മണ്ണിന്റെ മക്കളുടെ ഒലിയാണ് 'ചാവൊലി'യിൽ ഉടനീളമുള്ളത്. നോവലിസ്റ്റിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

'ഭൂമിയിൽ എവിടെയും അതിരുജീവിതമുണ്ട്. അതിനാൽ സമാനതയും. പ്രകൃതിയെ ഒരു നുള്ളുപോലും നോവിക്കാതെ സ്വയം വേദനകളായി തീരുമ്പോഴും മണ്ണിനെ നെഞ്ചേറ്റിയോർ. ചരിത്രത്തിൽ അവരില്ല. മനുഷ്യസമൂഹത്തിൽ അവർക്കിടമില്ല. സ്ഥലകാലങ്ങളില്ലാതെ ഗതികിട്ടാചാവുകൾ, കൊച്ചേമ്പി, വെളുത്ത, നീലമ്പി, ആതിച്ചൻ, തേയി, കറുമ്പൻ, ചിന്നൻ, പെരുമാൾ, കുഞ്ഞിരാമൻ.. ... കാലങ്ങളിൽ നിന്ന് കാലങ്ങളിലേക്ക് അവർ നടന്നു പോകുന്നു. നാവിലൂടെ കേട്ടുകേഴ്വിയിലൂടെ വിഗ്രഹങ്ങളാവാതെ അവരുടെ ജീവിത കാഴ്ചകളിലൂടെ എരിഞ്ഞു പോകുമ്പോൾ തുള്ളിത്തെറിച്ച വെളിച്ചത്തുണ്ടുകൾ, കണ്ടെടുത്ത ചെറുചെറു ജീവിതങ്ങൾ പതുക്കെ പതുക്കെ കുറിച്ചുവെച്ചു.

'ചാവൊലി'യുടെ രചനാദൗത്യവും ആത്മാർത്ഥതയുമാണ് ഈ വാക്കുകളിൽ നിറയുന്നത്. സ്വന്തം സ്വത്വത്തിന്റെ ചരിത്രപരമായ അന്വേഷണം കൂടിയാണിത്. 'ചാവൊലി'യിലൂടെയുള്ള ഈ അന്വേഷണം മനുഷ്യസമൂഹത്തിന്റെയും ജന്തുജീവി സമൂഹത്തിന്റെയും പ്രശ്നങ്ങളെ അടയാളപ്പെടുത്താൻ പര്യാപ്തമാണ്.

'ചാവൊലി' എന്ന നോവലിന്റെ കേന്ദ്രസമൂഹമായി വർത്തിക്കുന്നത് തെക്കൻ കേരളത്തിലെ കുറവരാണ്. 'മണ്ണിലാണ്ടമരങ്ങളായ്' എന്ന നോവലിന്റെ ആദ്യഭാഗം ഈ സമൂഹത്തിന്റെ ജീവനലോകത്തെയാണ് പരിശോധിക്കുന്നത്. നോവലിലെ ഒരു കഥാപാത്രം—വെളുത്ത—പറയുന്നതിങ്ങനെയാണ്:

'ഇതൊക്കെ നമ്മളേണ്. ന്റ മുത്തപ്പൻ പറയോരുന്നു. കുഞ്ഞ്യകാരന്നാര് യമ്മീന്റേം വല്യയെമ്മി ഇതേയത്ത് വെരുമ്പം ബ്ടെല്ലാം വങ്കാട്, പെരുങ്കാട്... അക്കാടീമ്മള് മാത്തറം, മ്മളെ മുത്തപ്പമ്മാരും മുത്ത്യേളും, മ്മള മണ്ണ്, മ്മള മരം, മ്മള പൂവും കായും, മ്മള വെയില്,

മ്മള കാറ്റ്, മ്മള വെള്ളം, തന്തോയം തന്നെ തന്തോയം, വേണ്ടുന്നത് മാത്തറം മണ്ണീന്നെടുക്കും, മരത്തീന്നെടുക്കും. അന്നന്ന് കയ്യും, ഏടേം പോവാം എന്തരും ചെയ്യാം. ചിരീം കളീം കെട്ടീം പിടിച്ചും പെറ്റും പൊലന്നും മണ്ണീതൊള്ളായിരത്തി ഒരു കെണം.'

'ഇപ്പംകിട്ടണ കായും കമിയും അവന്റെ വേർപ്പ്. ആ പൊടിക്കൊച്ചിന് ഒര് കരിക്ക് നേതിക്കണോൻ കള്ളൻ........ വല്ലോരേം മണ്ണി, അവന്റെ മുത്തപ്പന്റെ കുയിമാടത്തീ ഒരു തേങ്ങ കുയിച്ച് വെച്ച്, അങ്ങേര നെഞ്ചകൂട് പൊട്ടി എലവീശി വന്നേണ് ആ തെങ്ങ്

നോവലിന്റെ ഒന്നാംഭാഗം ദീർഘമായി അവതരിപ്പിക്കുന്നത് അതിജീവനത്തിന്റെ അതിരൂക്ഷമായ ഇടങ്ങളെയാണ്. വർണ്ണവ്യവസ്ഥയ്ക്കും ആധുനിക ലോകത്തിനും ഇടയിലുള്ള കനത്ത ലോകമാണ് നോവലിന്റെ നട്ടെല്ല്. (മനോജ് എം.ബി)

പിതൃക്കളെ കുടിയിരുത്തിയ ആൽത്തറയ്ക്കുമുന്നിൽ താണുവീണു തൊഴുതു നില്ക്കുന്ന ചങ്കരനിൽ നിന്നാണ് 'ചാവൊലി' മുഴങ്ങിത്തുടങ്ങുന്നത്. പൈതൃകം അന്വേഷിച്ചെത്തിയ പിൻമുറക്കാരനെ വെളുത്ത മുത്തി തിരിച്ചറിഞ്ഞു. പിന്നെ വെളുത്ത മുത്തിയുടെ ഓർമ്മയായും നോവലിസ്റ്റിന്റെ ആഖ്യാനമായും തലമുറകൾ നീളുന്ന 'ചാവൊലി'യുടെ കഥ വികസിക്കുന്നു. മണ്ണിനേയും പ്രകൃതിയേയും ജീവനെക്കാളേറെ സ്നേഹിച്ച്, മണ്ണിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച്. കുന്നുകളിൽ നിന്നും കുന്നുകളിലേക്ക് കുടിമാറ്റപ്പെടുന്ന നീലമ്പി, ജന്മി കുഞ്ഞ്യേങ്കരൻ നായരെക്കാൾ ക്രൂരനായിരുന്ന കാര്യസ്ഥൻ കോയിന്നാര്, അയാൾ കൊന്ന് ചാണകക്കുണ്ടിൽ താഴ്ത്തുന്ന കൊച്ചേമ്പിയും ചക്കിയും, ജന്മിയുടെ മകൻ പട്ടാളം വേലായ്വന്നായരുടെ വിയർപ്പുചൂരിൽ മത്തയാകുന്ന വെളുത്ത, സ്വന്തം മണ്ണിനെയും നെല്ലിനെയും കുറിച്ച് മമതയും തന്റേടവും പ്രകടിപ്പിക്കുന്ന തേയി, നാട്ടുവൈദ്യത്തിന്റെയും മാന്ത്രികവിദ്യയുടെയും കരുത്തിൽ ഊരുചുറ്റുന്ന ആതിച്ചൻ, കാക്കാരിശ്ശി ആശാനായ ചിന്നൻ, സഹജീവികൾക്കിടയിൽ സാക്ഷരതയുടെ സന്ദേശമെത്തിക്കുന്ന കറുമ്പൻ— ഇങ്ങനെ കുടികിടപ്പിന്റെ യാതനകൾ അനുഭവിക്കുന്നവരും അതിനിടയിലും ആത്മബലവും തന്റേടവുംകൊണ്ട് സ്വന്തം വഴി കണ്ടെത്തുന്നവരുമായ നിരവധി കഥാപാത്രങ്ങൾ 'ചാവൊലി' എന്ന നോവലിൽ പ്രത്യക്ഷപ്പെടുന്നു. തലമുറകൾ മാറുന്തോറും ജന്മിത്തത്തോടുള്ള പ്രതിഷേധവും സ്വത്വാവബോധവും സമുദായാംഗങ്ങൾക്കിടയിൽ രൂപപ്പെട്ടു വരുന്നതിന്റെ സൂചനകളാണ് ഇവരിലൂടെ ആവിഷ്കരിക്കപ്പെടുന്നത്. ജന്മംകൊണ്ട് ജന്മിയെങ്കിലും തിരസ്കൃതനായ ശേഷം ദളിതർക്കായി

അക്ഷരവെളിച്ചം പകരാൻ തയ്യാറായ വേലായുധന്മാരിലും ക്രൂരതയ്ക്കൊപ്പം അല്പം നന്മ ബാക്കി നില്ക്കുന്നുണ്ട്. സാക്ഷരത ദളിതന്റെ മോചനത്തിന് അനിവാര്യമാണെന്ന സന്ദേശമെത്തിക്കൽ ഈ നോവലിന്റെ സുപ്രധാനമായ ഊന്നലാണ്.

'അമരവാഴ്വ്'കളിങ്ങനെ എന്ന രണ്ടാംഭാഗം വർത്തമാനത്തെ തൊട്ടാണ് നില്ക്കുന്നത്. മണ്ണിലാണ്ട് അമരങ്ങളായി തീർന്ന മുൻതലമുറയിൽ നിന്ന് ഒരുപാട് മാറിപ്പോയ ഒരു ജനതയെയാണ് ഉത്തമൻ ഇവിടെ അവതരിപ്പിക്കുന്നത്. ജന്മിയുടെ അധീനത്തിലായിരുന്ന പഴയഗ്രാമം ഒരു കോളനിയായി മാറുകയാണ്. ഇവിടെയും സ്വന്തം ഇടമില്ലായ്മ എന്നത് കുറവർക്ക് കുടഞ്ഞെറിയാനാവാത്ത പ്രശ്നമായി മാറുന്നു. അവർ കൂടുതൽ പ്രാന്തവൽക്കരിക്കപ്പെടുകയും മണ്ണിനോടും പ്രകൃതിയോടുമുണ്ടായിരുന്ന അനുഭാവവവും ഇണക്കവും നഷ്ടമാവുകയും ചെയ്യുന്നു. കോളനിയിലെത്തുന്ന നിരീക്ഷകനായ രഘൂത്തമനിലൂടെയാണ്, അയാളുടെ ശ്ലഥവും വിഭ്രാമകവുമായ ഓർമ്മകളിലൂടെയാണ്, ഒന്നാം ഭാഗത്തിന്റെ തുടർച്ചകൾ അറിയാനാകുന്നത്. ചരിത്രത്തിൽ നിന്ന് കടന്നുവരുന്ന കുഞ്ഞിരാമൻ രഘൂത്തമന്റെ മുന്നിൽ ബഹുവ്യക്തിത്വത്തോടെ വെളിപ്പെടുന്നു. ഇടങ്ങളിൽ നിന്നും ഇടങ്ങളിലേക്ക് വീണ്ടും വീണ്ടും ആട്ടിയോടിക്കപ്പെടുന്ന ജനതതിയുടെ ചിത്രമാണ് അമരവാഴ്വുകളിൽ തെളിയുന്നത്. കുഞ്ഞിരാമന്റെ കഥാകഥനം നാട്ടുപേച്ചിലും രഘുത്തമന്റെ നേർക്കാഴ്ചകൾ അച്ചടിവടിവിലും ആഖ്യാനം ചെയ്യുന്ന നോവലിസ്റ്റ് തലമുറകളുടെ വൈരുദ്ധ്യം പ്രകടിപ്പിക്കാൻ ഭാഷാവിനിയോഗത്തെ ബോധപൂർവ്വം ഒരുപകരണമാക്കുകയാണ്.

എഴുത്തുകാരന്റെ കേട്ടറിവുകളും അനുഭവസത്യങ്ങളും ആലങ്കാരികത തീരെയില്ലാതെ വിവരിക്കപ്പെടുമ്പോൾ വായനക്കാരന്റെ പ്രജ്ഞയിലേക്ക് ചില നടുക്കങ്ങൾ എടുത്തെറിയപ്പെടുകയാണ്. ജീവിതത്തിന്റെയും മരണത്തിന്റെയും ഇടയ്ക്കുള്ള നൂല്പാലത്തിൽ കുടുങ്ങിയ ചില മനുഷ്യജന്മങ്ങൾ നമ്മെ വേട്ടയാടാതിരിക്കില്ല. ചാണകക്കുണ്ടിലും, പുലിമടയിലും മലമടക്കുകളിലും ജലപാതത്തിലും ഒടുങ്ങിയ അടിയാളജീവിതങ്ങൾ, ബലാത്സംഗവും കൈയ്യേറ്റവും നന്ദികേടും നിറഞ്ഞ ജന്മിത്തത്തിന്റെ കുടിലതകൾ, പ്രതിരോധത്തിന്റെ വഴി കണ്ടെത്താനുള്ള ദളിതന്റെ ശ്രമപരാജയപരമ്പരകൾ. പച്ചമാംസത്തിന്റെയും ചോരയുടെയും മണമുള്ള അനുഭവവൈവിധ്യങ്ങളിൽ നിന്ന് 'ചാവൊലി'യുടെ വായനക്കാരന് വിടുതലയില്ല. അടിയാളപ്പെണ്ണുങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന ചൂഷണങ്ങളെയും പീഡനങ്ങളെയും നോവലിസ്റ്റ് തുറന്നെഴുതുന്നുണ്ട്.

'പിന്നാലെ വന്നോരെക്കോം മാങ്ങേയ്യി പോയി. വെളുത്ത ആരേം കണ്ടില്ല. വേലായ്യന്നാരും...........

അയാള് മാവിക്കേറി ഉള്ളം കുലുക്കി മാങ്ങ വീത്തി. പറക്കിക്കുട്ടി തോർത്തുമുണ്ടി അറ്റം തെറുത്ത് കെട്ടി വെളുത്തോട തലേ വെക്കുമ്പം മൊലക്കുമ്പിലെ കരിങ്കണ്ണേര് അയാള് ഒരിക്കക്കൂടി തൊട്ട്.'

'ചാണാക്കുയിക്കര എത്തീതും കാര്യത്തൻ കോയിന്നാരു പൂണ്ട ടക്കം ഒരു പിടി. ഞാം വെറളി പിടിക്കുമ്പം ഒരുപിടി ചാണം വാരി ന്റെ വായീ കുത്ത്യേറക്കി . പിന്നെ കാര്യത്തൻ എപ്പായാണ് മേത്ത്ന്ന് എയ്യ്ച്ചത്........ ക്കറിഞ്ഞൂടാ. അങ്ങേര്, പ്രാന്തെടുത്ത് ന്ന, ചന്നം പിന്നം വെട്ടിക്കീറി ചാണക്കുയി താത്തി. ഒരു കൈ മാത്തറം എലേപ്പൊതിഞ്ഞ്...........'

'ചാവൊലി' - കൂട്ടായ്മയുടെ കഥനങ്ങൾ

'ചാവൊലി' മികച്ച ഒരു ഫോക്നോവൽ കൂടിയാണ്. നാടോടി ജീവിതാനുഭവങ്ങളുടെയും വിശ്വാസാചാരങ്ങളുടെയും അനുഷ്ഠാന ങ്ങളുടെയും നാടൻ കലകളുടെയും സമൃദ്ധമായ ചേരുവയുണ്ട് ഈ നോവലിൽ. മേലാങ്കോട്ടമ്മ, മുത്തുമാരിയമ്മ, തുടങ്ങിയ അമ്മദൈവ ങ്ങളും ആയിരവില്ലിത്തമ്പുരാൻ എന്ന കുലപരദേവതയും നെരിപ്പോട്ടു മാടൻ, മറുത തുടങ്ങിയ ദുർദ്ദേവതകളും പെരച്ചൻ എന്ന മന്ത്രവാദിയും കൊട്ടുതി, പെടോട, ചാവൂട്ട്, നൂലുകെട്ട്, പതിനാറുകുളി, തെരണ്ട്കുളി തുടങ്ങിയ അനേകം ചടങ്ങുകളും, ഈക്കിക്കിത്തമ്പരം പോലുള്ള നാടൻ കളികളും. കാക്കാരിശ്ശി നാടകം എന്ന കലാരൂപവും കഥാപ്പാട്ടു കളും വായ്ത്താരികളും ഒക്കെച്ചേർന്ന് നാടൻ സ്വത്വത്തിന്റെ ഒരു സമാഹാ രമായി ഈ നോവൽ മാറുന്നു. "ഞാനീ മിറ്റത്തൊന്ന് ളുറീക്കോട്ടോ" ന്നു ചോദിക്കുന്ന നീലമ്പിയുടെ നിഷ്കളങ്കതയിൽ മണ്ണും കർഷകനും തമ്മിലുള്ള വൈകാരിക ബന്ധത്തിന്റെ തീവ്രതയാണ് ധ്വനിക്കുന്നത്.

"കുരു കാരണോമ്മാര്, ചത്തുമലന്ന് നെറുകന്തലേ നിക്കണോര്, വിളിച്ചാ വിളിക്കേക്കണോര്, തീക്കെട്ടും കാപ്പോര്, മണ്ണി ചൊവടൊറ പ്പിച്ച് നടത്തിക്കണോര്, എല്ലാരും കേക്കണം കൈയ്യേക്കണം, അനു മതിക്കണം. തലേകൈവച്ച് തമ്മതം തരണം."

തലങ്ങനെയും വിലങ്ങനെയും വിമ്മിട്ടപ്പെടുത്തുന്ന നിരവധി വിശ്വാസങ്ങളുടെ ലോകം ഈ നോവലിലുണ്ട്. കൊലചെയ്യപ്പെട്ടവരും കൂട്ടംതെറ്റിപ്പോയവരും അപമാനിതരുമായ ഓരോരുത്തരും ചാവായി അടയാളമായി നോവലിൽ സംസാരിക്കുന്നു. ഒരു ജനസമൂഹത്തിന്റെ ചരിത്രമായി അത് അടയാളപ്പെടുന്നു. പ്രകൃതി-മനുഷ്യബന്ധത്തിന്റെ

ആദിചരിത്രം തന്റെ ജൈവിക ലോകത്തിൽ നിന്നും പെരച്ചൻ തെളിച്ചു കൊണ്ടുവരുന്ന ഒരു സന്ദർഭമുണ്ട് നോവലിൽ.

"പെരച്ചൻ ചങ്കെറിഞ്ഞു, ആയി മൊയങ്ങണ ചങ്ക്, വിത്തെടുത്ത് നെരത്തി; ചെമ്മങ്ങളെല്ലാം വിത്തിലൊളിഞ്ഞ് കെടപ്പ്"

ഏകലവ്യകഥ നോവലിൽ പ്രവേശിക്കുന്ന കഥാസന്ദർഭം കുറവരുടെ മിത്തുകളും അതിൽ സ്ഥാനം പിടിച്ചിട്ടുള്ള മഹാഭാരത കഥകളും ഉൾപ്പെട്ട ഒരു സമ്പത്തിനെയാണ് സൂചിപ്പിക്കുന്നത്. മാത്രമല്ല, ഏകലവ്യനും കർണ്ണനമെല്ലാം ഇന്ത്യൻ ഫോക്‌ലോറുകളിൽ കീഴാളഭാവുകങ്ങളായി വായിക്കപ്പെടുന്നവരുമാണല്ലോ.

നോവലിലെ ആതിച്ചനെന്ന വ്യക്തി ഈ സമൂഹത്തിൽ നിന്നും വികാസം നേടി സിദ്ധൻ എന്ന നിലയിൽ ഉയർച്ച നേടുന്നുണ്ട്. വൈദ്യ-മാന്ത്രിക വിദ്യകളിൽ നേടിയെടുക്കുന്ന അറിവ്, രോഗികൾക്ക നല്കുന്ന ശുശ്രൂഷ ഇവയെല്ലാം ആതിച്ചനെ സ്വന്തം ജനങ്ങൾക്കിടയിലും തുടർന്ന് വിവിധ ഗ്രാമങ്ങളിലും ഒരു സിദ്ധനായി ഉയർത്തുന്നു.

"ആതിച്ചൻ കുന്നിമ്മണ്ട ചുറ്റി മണ്ണിമ്മേ കൈ നീട്ടി. അവന്റെ കൈക്കുമ്പിളില് എമ്മടങ്ങ് പച്ചമരുന്നേള്. അമ്മടെ കനിവ്, ആതിച്ചൻ അപ്പനമേൽ മരുന്നു ഉഴിവി നാക്കിമ്മേലിറ്റിച്ചു."

നാട്ടറിവിന്റെ അറിവാളരും സംരക്ഷകരുമാകുന്ന ഇവരിൽ അറിവിന്റെ ഒരു വലിയ ലോകം വളരെ മുമ്പുതന്നെ ഉണ്ടെന്നും അങ്ങനെയാണ് തങ്ങൾ സിദ്ധരായിത്തീരുന്നത് എന്നും ഈ നോവൽ പറയാതെ പറയുന്നു.

ചിന്നൻ കാക്കരിശ്ശി നാടകത്തിലെ നൃത്തച്ചുവടുകൾ രാപ്പള്ളിക്കൂടത്തിൽ പഠിപ്പിച്ചു കൊടുക്കുന്ന സന്ദർഭവും സുപ്രധാനമായ ഒന്നാണ്.

"മ്മള് ചേറെങ്ങനെ ചവിട്ടിയടിക്കും. മ്മള് കൊയ്തെങ്ങനെ ഏറ്റും. മ്മള് കറ്റയെങ്ങനാ ചവിട്ടി മെതിക്കും. മ്മള് നല്ലോളവങ്ങനെ ചവിട്ടിപോയിക്കും. അമ്മട്ടീ, ത്തിരി മാറ്റിച്ചവിട്ടി, ചൊവടൊറപ്പിച്ച്, നടനം ചെയ്യ്, കൊറ്റനതിക്കും മൊതല് മോന്തിവരെ ചേറും ചൊമട്ടും ആട്ടുന്നോന് ഇച്ചൊവട് വെയ്യാൻ വരുത്തമെന്ത്. മ്മക്കേ, യിത് കയ്യൂ."

നാടൻകലകളും മനുഷ്യാധ്വാനവും തമ്മിലുള്ള അഭേദ്യബന്ധമാണിവിടെ കാണുന്നത്.

പാരിസ്ഥിതികാവബോധത്തിന്റെ പ്രത്യക്ഷതകൾ നോവലിന്റെ നിബിഡമായ പ്രകൃതി ചിത്രീകരണത്തിൽ ഉൾച്ചേർന്നിട്ടുണ്ട് എന്ന വസ്തുതയും വിസ്മരിക്കാനാവില്ല. നീലമ്പിയുടെയും വെളുത്തയുടേയും

ആതിച്ചന്റെയും പേച്ചുകളിലൂടെ എന്നെന്നും പ്രസക്തമായ പാരിസ്ഥിതിക ദർശനങ്ങൾ തെളിഞ്ഞു തെളിഞ്ഞു വരുന്നു.

"–ങ്ങള് ആരോടാണപ്പാ തമതാരം

–ഈത്തുങ്ങളോട്

– അയിന് കാതൊണ്ടാ കേപ്പാൻ, നാവൊണ്ട ചൊല്ലാൻ

–പുല്ലും പൂച്ചെട്ടും അതിന്റെ തങ്കടം പറേ്യം. കിളീം കീടോം അതിന്റെ വെസ്മം പറേ്യം. മ്മക്ക് കേപ്പാൻ കാതും അറ്യാൻ അലിയണ മനതും ബേണം."

"ഇരുവരും മണ്ണീ വളക്കുറ് പോലെ കെടക്കുമ്പം നീലമ്പി, വെളുത്തേ്യാട് പറയും.

–നീ, പാറമോളില് തെങ്ങ് ബെക്കണം, തായ നടുതന നെറകൊണ്ട് കെടക്കുമ്പോല മലമോലില് തെങ്ങും തോപ്പാക്കും. പിന്നെ മ്മക്ക്, ആര പേടിക്കണം. കൊയ്യുട്ട് കൊലവെട്ടട്ട്. വിത്തെടുക്കട്ട് പിന്ന.......

– പിന്ന..... ങ്ങളെന്ത് ചെയ്യും

അത് കേൾക്കേ നീലമ്പി കണ്ണടയ്ക്കും

– അവറ്റേക്കും കൊടുക്കണ്ടെ.........

– ആക്ക്?

– കിളിയേക്ക്. അണ്ണാൻ, മരപ്പട്ടി, കള്ള ഊളനും.........

–അതുങ്ങള് തിമ്മട്ട്, മിച്ചം മതി.

– അവറ്റേണാ മണ്ണിന്റെ യമ്മി.

– ങാ"

ഇത്തരത്തിൽ മണ്ണിനോട് സമരസപ്പെട്ടിരുന്ന ഒരു വിഭാഗത്തെ ചൂഷണം ചെയ്ത് മാറ്റി നിർത്തുന്ന ദാരുണദൃശ്യങ്ങളുടെ കൂടെ പാരിസ്ഥിതികാവബോധത്തിന്റെ വളരെ സജീവമായ ദൃശ്യങ്ങളും, ഈ നോവലിൽ കാണാൻ കഴിയും.

### മാറിയ കാലത്തിന്റെ അടയാളങ്ങൾ

കാർഷികവൃത്തിയിലും ഉല്പാദനപ്രക്രിയയിലും ഉൾപ്പെട്ടിരുന്ന കുറവൻ, രണ്ടാം ഘട്ടത്തിൽ ശുചീകരണ തൊഴിലുകളിൽ ഏർപ്പെടുന്നവരായി പരിവർത്തനപ്പെടുന്ന ചിത്രം നോവലിലുണ്ട്. ഇടമില്ലായ്മയിൽ നിന്ന് കോളനി, ചേരി തുടങ്ങിയ ഇടങ്ങളിലേക്കെത്തിയ ജനത വീണ്ടും കുടിയിറക്കപ്പെടാൻ പോകുന്നതിന്റെ സൂചനയാണ് അന്താരാഷ്ട്ര മാർക്കറ്റ് വരുന്നതിന്റെ വാർത്ത. ഇടിച്ചുനിരത്തപ്പെടുന്ന

കോളനികളും അവിടെ രൂപം കൊള്ളുന്ന ഫ്ലാറ്റുകളും പാർക്കുകളും ഇന്ത്യൻ നഗരാധികാരത്തിന്റെ കടന്നാക്രമണങ്ങളാണ്. തുറക്കുകയും അടയ്ക്കുകയും വീണ്ടും തുടർന്നടയ്ക്കുകയും ചെയ്യുന്ന അണ്ടിയാപ്പീസ് ഉപജീവന സംസ്കൃതിയുടെ അനിശ്ചിതത്വത്തിന്റെ പ്രതീകമായി നോവലിൽ പുകക്കുഴലുയർത്തി നില്ക്കുന്നു. കുറവർ മഹാസഭപോലുള്ള സംഘടനകളുടെ സമുദായോദ്ധാരണ പ്രവർത്തനങ്ങളും സ്വാതന്ത്ര്യസമരമുന്നേറ്റങ്ങളും അയ്യങ്കാളിയുടെ ഇടപെടലുകളുമൊക്കെ പ്രഖ്യാപിത ചരിത്രത്തിൽ നിന്ന് നോവലിലേക്ക് കടന്നു വരുന്നുണ്ടെന്ന് അജയപുരം ജ്യോതിഷ്കുമാർ (2009:22) നിരീക്ഷിക്കുന്നുണ്ട്.

കഴിഞ്ഞ കാലത്തിന്റെ അസ്പൃശ്യജീവിതത്തിന്റെ പ്രതീകമായി ഒരു ചെറുചെടി നീലപ്പൂവുമായി നോവലിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ ഉദ്യോഗസ്ഥരും തൊഴിലാളികളുമെല്ലാം ആ നശിച്ച ചെടിയിലേക്ക് മൂത്രമൊഴിക്കാനാണ് ബദ്ധപ്പെടുന്നത്. എന്നാൽ രഘൂത്തമനാകട്ടെ, ആ ചെടിയിലൂടെയാണ് ആഴത്തിൽ വേരോടിയ ഒരു ജനതയുടെ ചരിത്രത്തെ, സത്വത്തെ മനസ്സിലാക്കുന്നത്. ജീവഗന്ധം വമിക്കുന്ന മണ്ണടരുകൾക്കുമീതേ നടക്കുമ്പോൾ അവയ്ക്കിടയിൽ ഒരു ചെറുചെടി നീലപ്പൂവുമായി നിലംപറ്റെ നില്ക്കുന്നു. അതിനെ പിഴുതെടുക്കാൻ ദൂരമുറ്റി, ചുവടുമാന്തി മണ്ണുമാറ്റുമ്പോൾ അത് ആഴത്തിലേക്ക് നീലവേരോടിച്ചു പോകുന്നു. മണ്ണടിഞ്ഞ ചേരിക്കുമേൽ നിന്നു നോക്കുമ്പോൾ നദി, ശ്മശാനം, തലയടർന്ന കുന്നുകൾ, എതിരെ നഖമാഴ്ത്തി വളരുന്ന നഗരം. ഈ കാഴ്ചയോട് നോവലിസ്റ്റ് പ്രതികരിക്കുന്നതിങ്ങനെ.

'ഖനനം പുറത്തേക്കെടുക്കുന്നത് മനുഷ്യരാശിയുടെ പ്രത്യാശയല്ല, കുന്നുകൾ അടർത്തി മാറ്റുന്നതും പാറകൾ തകർക്കപ്പെടുന്നതും നന്മകളിലേക്കുള്ള വാതിലുകളല്ല. മൺമറയുന്നതോ, വരും കാലമനുഷ്യന്റെ മണം, വിശ്വാസം, സംസ്കൃതി.'

നോവലിനൊടുവിൽ കൃഷ്ണൻ വാദ്ധ്യാരും രഘൂത്തമനും മാലിന്യം നിറഞ്ഞ പാർക്കിൽ ഇരുന്നുകൊണ്ട് സംസാരിക്കുന്നതിങ്ങനെയാണ്. 'നിങ്ങൾക്കറിയാമോ, കൂട്ടായ്മയുടെ സാമീപ്യമായിരുന്നു ഇവിടം. പുറംലോകം ചേരി എന്നു വിളിച്ചു. പൊതുധാരയിൽ നിന്ന് ആട്ടിയിറക്കപ്പെട്ടവരാണ് ഇവിടെ കൂടിയത്. ഭൂമിയിൽ നിന്നും നേടിയെടുക്കേണ്ടതൊന്നും അവരിവിടെ കൊണ്ടുവന്നില്ല. പരസ്പരം സ്നേഹിച്ചും കലഹിച്ചും... ...ഒരു നിലവിളിയിൽ ഒത്തുകൂടിയും. ചേരികൾക്ക് ഒരിടത്തും സ്വസ്ഥതയില്ല.

ഇന്നിവിടെ നാളെ ചേരിക്കുന്നിൽ. പിന്നെ മറ്റൊരിടത്തേക്ക്. തലമുറ മണ്ണിന്റെ ഉറസ്സിലാതെ നിക്ഷേപിച്ച കൊണ്ടിരിക്കും.'

വർത്തമാനകാലത്തിന്റെ ഈ അപകടതകളിൽ നിന്ന് പുറത്തുകടക്കാൻ, പുതിയ ഇടമില്ലായ്മയെ ചെറുത്തു നില്ക്കാൻ, താന്തൾപ്പെടുന്ന മണ്ണിന്റെ ജനതയ്ക്ക് കഴിയുമോ എന്ന സന്ദേഹം അവസാന സന്ദർഭങ്ങളിൽ ചാവൊലി ഉയർത്തുന്നുണ്ട്.

ഉപസംഹാരം

ആഗോളവത്കരണത്തിന്റെയും വിപണിസംസ്കാരത്തിന്റെയും കെടുതികൾക്കിടയിൽനിന്ന് ചെറുത്തുനില്പിന്റെ ബലിഷ്ഠമായ വേരുകളായി ഉത്തമൻ അവതരിപ്പിക്കുന്ന 'ചാവൊലി' നാട്ടുമൊഴികളുടെയും നാട്ടറിവുകളുടെയും വീണ്ടെടുപ്പിനെ കുറിച്ച് നിരന്തരം ഓർമ്മപ്പെടുത്തുന്നു. ഇതിവൃത്തം, രൂപഘടന, കാലാവിഷ്കാരം, ആഖ്യാനരീതി, ഭാഷ എന്നിവയിലെല്ലാം ദളിതജീവിതവുമായി ഐക്യപ്പെട്ടുകൊണ്ടും വ്യവസ്ഥാപിത നോവൽ രീതികൾ ലംഘിച്ചുകൊണ്ടും 'ചാവൊലി' നാം പരിചയിച്ചതല്ലാത്ത മറ്റൊരു നോവലായി മാറുന്നു, വ്യവസ്ഥാപിത നോവലിന് എതിരെ നിൽക്കുന്ന മറുനോവൽ!

ഗ്രന്ഥസൂചി

1. ഉത്തമൻ പി.എ., 2007, ചാവൊലി, ഡി,സി. ബുക്സ്
2. ജ്യോതിഷ്കുമാർ അജയപുരം, 2009, ചാവൊലി: വീണ്ടെടുപ്പിന്റെ പുസ്തകം, വിദ്യാരംഗം മാസിക (മെയ് ലക്കം)
3. മനോജ് എം.ബി. 2013, ചരിത്രത്തിന്റെ ഒലി, വർത്തമാനത്തിന്റെയും, മലയാളം വാരിക (ജൂൺ 21)

ശ്രുതി കെ.
ഗസ്റ്റ് ലക്ചറർ (മലയാളം)
സെന്റ്ജോസഫ്സ് കോളേജ്
ഇരിങ്ങാലക്കുട
E-mail. Sruthysruthy04@gmail.com.